ജി.ആർ. ഇന്ദുഗോപൻ



4-ാം പതിപ്പ്

# ട്വിങ്കിൾ റോസയും പന്ത്രണ്ട് കാമുകന്മാരും

DCB



## ട്വിങ്കിൾ റോസയും പന്ത്രണ്ട് കാമുകന്മാരും

ജി.ആർ. ഇന്ദുഗോപൻ

ഇതാണ് ട്വിങ്കിൾ റോസയുടെ പുണ്യാളൻ ദ്വീപ്.
ഇവിടെ യഥാർത്ഥമല്ലാത്തതൊന്നും ഇല്ല.
ഇവിടുത്തെ സ്വപ്നങ്ങൾപോലും സത്യമാണ്.
ആർനോൾഡ് വാവയും ഡോൾഫിൻ കാമുകനും പ്രേതവള്ളവും
പശപ്പറ്റും ശരിക്ക് ഉള്ളതാണ്. **ട്വിങ്കിൾ റോസയും** സത്യമാണ്.

അസാധാരണമായ രചനാവൈഭവം, ദൃശ്യവൽക്കരണശേഷി, നേരിട്ടുള്ള അനുഭവം സമ്മാനിക്കുന്ന കൃത്യമായ നിരീക്ഷണപാടവം... പ്രകൃതിയുടെ സുക്ഷ്മഭാവങ്ങൾ നേരിട്ട് ശ്രദ്ധിക്കുന്നവർക്കുമാത്രം വിവരിക്കാൻ കഴിയുന്ന അസംഖ്യം ദൃശ്യങ്ങളും ശബ്ദങ്ങളും ഉടനീളം.

**-വേണു**
ഛായാഗ്രാഹകൻ,
ചലച്ചിത്ര സംവിധായകൻ

കവർ ചിത്രീകരണം: വിനയതേജസ്വി

ഡിസി ബുക്സ്
www.dcbooks.com

ISBN 978-93-5390-109-7

കഥ | E-book available | ₹ 140

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

1727.

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1727 Call No.........................

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

## ജി.ആർ. ഇന്ദുഗോപൻ

1974 ഏപ്രിൽ 19-ന് കൊല്ലം ഇരവിപുരം വാളത്തുംഗലിൽ ജനനം. ദീർഘകാലം പത്രപ്രവർത്തകനായിരുന്നു. ശ്രദ്ധേയനായ ജീവചരിത്ര രചയിതാവ്. ഗദ്യത്തിന്റെ വിവിധ ശാഖകളിലായി മുപ്പതോളം പുസ്തകങ്ങൾ. പ്രധാന അവാർഡുകൾ: കഥയ്ക്ക് സംസ്ഥാന ടെലിവിഷൻ പുരസ്കാരം, കേരളസാഹിത്യ അക്കാദമി ഗീതാ ഹിരണ്യൻ പുരസ്കാരം, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുരസ്കാരം, പദ്മരാജൻ പുരസ്കാരം, വി. പി. ശിവകുമാർ കേളി അവാർഡ്, ഇടശ്ശേരി പുരസ്കാരം, കുങ്കുമം നോവൽ, കഥ അവാർഡുകൾ, ആശാൻ പ്രൈസ്, കഥയ്ക്കും നോവലിനും അബുദാബി ശക്തി അവാർഡുകൾ, നൂറനാട് ഹനീഫ് സ്മാരക പുരസ്കാരം. *ഒറ്റക്കൈയൻ* എന്ന ചലച്ചിത്രം എഴുതി സംവിധാനം ചെയ്തു. ഈ ചിത്രത്തിന് 2007-ലെ രണ്ട് സ്റ്റേറ്റ് അവാർഡ്. ഇതേ ചിത്രത്തിന് മികച്ച നവാഗത സംവിധായകനുള്ള ജേസി ഫൗണ്ടേഷൻ അവാർഡ്. *ചിതറിയവർ* എന്ന ചലച്ചിത്രത്തിന് തിരക്കഥയും *അപ് ആൻഡ് ഡൗൺ* എന്ന ചിത്രത്തിന് സംഭാഷണവും എഴുതി.

### ജി.ആർ. ഇന്ദുഗോപന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*നോവൽ*
മണൽജീവികൾ
മുതലലായനി 100% മുതല
ഐസ് -196°c
ഡച്ചുബംഗ്ലാവിലെ
പ്രേതരഹസ്യം
രാത്രിയിലൊരു സൈക്കിൾവാല
രക്തനിറമുള്ള ഓറഞ്ച്
കാളിഗണ്ഡകി
പടിഞ്ഞാറെ കൊല്ലം
ചോരക്കാലം
*കഥ*
ഇരുട്ടുപത്രാധിപർ
കൊല്ലപ്പാട്ടി ദയ
കഥകൾ
ട്വിങ്കിൾ റോസയും പന്ത്രണ്ട്
കാമുകന്മാരും
ഡിറ്റക്ടീവ് പ്രഭാകരൻ
ചെന്നായ
*ആത്മകഥ*
തസ്കരൻ മണിയൻപിള്ളയുടെ
ആത്മകഥ (മണിയൻപിള്ളയോടൊത്ത്)
കള്ളൻ ബാക്കി എഴുതുമ്പോൾ
(മണിയൻപിള്ളയോടൊത്ത്)
*യാത്ര*
സ്പെസിബ

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച
ജി.ആർ. ഇന്ദുഗോപന്റെ പുസ്തകങ്ങൾ
പരിചയപ്പെടാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

ജി. ആർ. ഇന്ദുഗോപൻ

# ട്വിങ്കിൾ റോസയും പന്ത്രണ്ട് കാമുകന്മാരും

ഡി സി ബുക്സ്

MALAYALAM LANGUAGE
Twinkle Rossayum Panthrandu Kāmukanmārum

STORY
*by* G. R. Indugopan

Rights Reserved

First Published December 2019
This edition - October 2021

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 7290092216

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Indugopan, G.R.
Twinkle rossayum panthrandu kamukanmarum/G.R. Indugopan
120p; 21 cm.
ISBN 978- 93- 5390-109-7
I. Malayalam story. I. Title.
894.812 3 - dc 22

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-93-5390-109-7

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

638/21-22-Sl.No. 22115-dcb 7337-(4) 1000-3689-10-21 hn 60-p ag-r (t) pr-d (t) pr

## ആമുഖം

*കായലിൽനിന്നൊരു കാറ്റു കേറിവന്നു.*
*വല വിരിച്ചപോലെ അവളുടെ മുടി ഉയർന്നുപടർന്നു.*
*മുറ്റത്തെ ചെമ്പരത്തിമൊട്ടെല്ലാം ഒന്നനങ്ങി*
*ഒന്നൂടൊന്നു വിടർന്നു*

– ട്വിങ്കിൾ റോസയും പന്ത്രണ്ട് കാമുകന്മാരും
ജി. ആർ. ഇന്ദുഗോപൻ

പലതരം നിലാവുകളും അതിനെല്ലാം വെവ്വേറെ വിളിപ്പേരുകളും ഉള്ള ലോകമാണ് ജി.ആർ. ഇന്ദുഗോപന്റെ പുണ്യാളൻ ദ്വീപ്. ട്വിങ്കിൾ റോസയുടെ മനസ്സമ്മതത്തിന്റെ തലേന്നു രാത്രി പശപ്പറ്റ് എന്ന ഒരിനം ചാരനിലാവ് കായലിനു മീതേ നീങ്ങിക്കൊണ്ടിരിക്കുകയായിരുന്നു എന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. അവിടെ സൂര്യവെളിച്ചത്തിൽ മാത്രമല്ല നിലാവിലും മഴവില്ല് തെളിയും. അപ്പോൾ *കായലിൽ അതിന്റെ ഏഴു നിറം പടരും. ഓളത്തിൽ അതിന്റെ പ്രതിബിംബം പതിന്നാല് നിറങ്ങളായി സഞ്ചരിക്കും.* നേരിൽ കാണാതെതന്നെ ട്വിങ്കിൾ റോസയ്ക്ക് ഇതെല്ലാം നേരത്തേ അറിയാമായിരുന്നു. എല്ലാം നേരിട്ട് കാണാനാണ് അവൾ പുണ്യാളൻ ദ്വീപുകാരൻ ടെറിയെ കെട്ടി ഇങ്ങോട്ടു വന്നത്. അമാവാസിക്ക് ശാസ്താംകോട്ട കായലിനു കലങ്ങിയ വയലറ്റുനിറമായിരിക്കും എന്നും ആർനോൾഡ് വാവ മാലാഖയല്ലെന്നും ടെറിയുടെ കസിനാണെന്നും അങ്ങനെയാണ് അവളറിഞ്ഞത്. ആർനോൾഡ് വാവ, തന്നെ പിന്തുടരുന്ന നീർനായ്ക്കളെ ഭയന്നു കായലിൽ നീന്തി മുങ്ങിമരിച്ച കഥ പറയുമ്പോഴും ടെറിക്ക് നീർനായ്ക്കളോടു വിരോധമില്ല.

*"ഇതെന്തോന്ന് കൈ നിറയെ പാട്?" അവൾ ചോദിച്ചു.*

*"നീർനായ്ക്കളു കടിക്കുന്നതാ. നമ്മളു ലാളിക്കാനാ ചെല്ലുന്നതെന്ന് അതുങ്ങൾക്ക് അറിഞ്ഞൂടല്ലോ. ഇണങ്ങുന്നതുണ്ട്. ഇവിടെ കേറി വരാറുണ്ട്; എന്നെത്തിരക്കി. ചിലതിനെ വിശ്വസിക്കാൻ ഒക്കത്തില്ല. അതുകൊണ്ട് പാള കാലിന്റെടയിലൂടെ വച്ചു കയറുകൊണ്ട് അരയിൽ കെട്ടും."*

*"അതെന്തിനാ..."*

*"വിശ്വസിക്കാനൊക്കത്തില്ലെന്നു പറഞ്ഞില്ലേ."*

വേണുച്ചേട്ടന് ഈ കഥ വായിക്കാൻ കൊടുത്തത്. അതിങ്ങനെ ഒരു മുൻകുറിപ്പായി ലഭിച്ചു. വലിയ അനുഗ്രഹം. ഈ കഥയ്ക്ക് ചലച്ചിത്രഭാഷ്യം നൽകാനും ഛായാഗ്രാഹകനായ ഒരു ചെറുപ്പക്കാരൻ സംവിധായകനെത്തന്നെയാണ് ഏല്പിക്കുന്നത്. ക്യാമറയുടെകൂടി കണ്ണുള്ളവർക്കേ അതിണങ്ങൂ എന്ന തോന്നലാണ് പിന്നിൽ.

തിരുവനന്തപുരത്തെ ചാലപോലെ എന്നെ അദ്ഭുതപ്പെടുത്തിയ മാർക്കറ്റില്ല. താമരപ്പൂവിന്റെ ഇതളുകൾക്കിടയിലെ രഹസ്യങ്ങൾ പോലെയുള്ള ഇടറോഡുകളിലൂടെ നടന്നു നടന്ന്, എനിക്കവിടത്തെ വഴികൾ തിട്ടമായി. അങ്ങനെയാണ് ഇതിലെ പുഷ്പവല്ലിയും യക്ഷി വസന്തവും എന്ന കഥ ഉരുത്തിരിയുന്നത്.

ചിറയിൻകീഴിലെ കായലുകളിൽ തൊണ്ടഴുക്കലും കയറുണ്ടാക്കലും ഏതാണ്ട് പറ്റേ കുറഞ്ഞു. അവിടത്തെ സുഹൃത്ത് രഞ്ജിനിയുടെ അമ്മയുടെ കയർവ്യവസായവും ചിറയിൻകീഴിലെ കാഴ്ചകളും സന്തോഷവുമാണ് സത്യത്തിൽ പുഷ്പവല്ലി എന്ന കഥാപാത്രത്തിലേക്കെത്തുന്നത്. തൊണ്ടഴുക്കലിൽനിന്ന് തിരുവനന്തപുരത്തെ അബ്കാരിറാണിയാകുന്ന പുഷ്പവല്ലിയെ അവിടുന്നു സങ്കല്പിച്ചെടുത്തതാണ്.

1995 മുതൽ 2000 വരെയുള്ള അഞ്ചു കൊല്ലം അലഞ്ഞു നടന്നതിലേറെയും ഇപ്പോഴത്തെ കന്യാകുമാരി ജില്ലയായ പഴയ തെക്കൻ തിരുവിതാംകൂറിലൂടെയാണ്. തിരുവിതാംകൂറിന്റെ അതിർത്തിയായിരുന്നു ആരൾവായ്മൊഴി. അന്നൊരു രാത്രി അവിടത്തെ റെയിൽവേസ്റ്റേഷനിൽപെട്ടുപോയ അനുഭവങ്ങളും കേട്ട ചില കഥകളും ഭാവനയും ചേർന്നതാണ് ഇതിലെ മൂന്നാമത്തെ ചെറുനോവൽ.

നിർത്തട്ടെ,

നൂറുകൂട്ടം തിരക്കുകൾക്കിടയിൽ, പുസ്തകം വായിക്കാനും ഒന്ന് മറിച്ചുനോക്കാനും ശ്രമിക്കുന്ന നിങ്ങളോരോരുത്തർക്കും നന്ദിയോടെ, അഭിവാദ്യങ്ങളോടെ.

സ്വന്തം ഇന്ദുഗോപൻ

തിരുവനന്തപുരം
നവംബർ 15 2019



## ഉള്ളടക്കം

ട്രിങ്കിൾറോസയും 12 കാമുകന്മാരും ....................15
പുഷ്പവല്ലിയും യക്ഷിവസന്തവും ....................60
ആരൾവായ്മൊഴിയിലെ പാതി വെന്ത മനുഷ്യർ....................93